# ഇൻഫ്ളുവെൻസാ എ എച്ച് 1 എൻ 1

## സ്കൂളുകൾക്കും, കോളേജുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള മാർഗ്ഗരേഖ

1. ഏതെങ്കിലും ഒരു വിദ്യാർത്ഥിക്കോ, ജീവനക്കാരനോ ഇൻഫ്ളുവെൻസായുടെ ലക്ഷണങ്ങളായ പനി, ചുമ, മൂക്കൊലിപ്പ്, ശ്വാസംമുട്ടൽ എന്നിവയുണ്ടെങ്കിൽ ചികിത്സയെടുക്കുന്നതോടൊപ്പം 7 മുതൽ 10 ദിവസം വരെ വീട്ടിൽതന്നെ കഴിയുവാൻ അനുവദിക്കണം

2. വിദ്യാർത്ഥിയോടൊ ജീവനക്കാരോനോടൊ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർബ്ബന്ധിക്കരുത്

3. ഇൻഫ്ളുവെൻസാ എ എച്ച്1 എൻ1 ഉണ്ടെന്നു സംശയിക്കുന്നവരുമായി ബന്ധപ്പെടാൻ ഇടവന്നിട്ടുള്ള വിദ്യാർത്ഥികളേയും, ജീവനക്കാരേയും, ഇത്തരത്തിലുള്ള രോഗലക്ഷണങ്ങൾ പ്രകടമാകുന്നുണ്ടോ എന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരീക്ഷിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മരുന്നു കഴിക്കുന്നതോടൊപ്പം 7 മുതൽ 10 ദിവസം വരെ വീട്ടിൽ കഴിയുവാൻ അനുവദിക്കേണ്ടതാണ്

4. ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെങ്കിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി മാത്രം നിരീക്ഷിച്ചാൽ പോരാ, വിദ്യാർത്ഥികളെ പരിപാലിക്കുന്നവരുടെ ആരോഗ്യവും നിരീക്ഷിക്കേണ്ടതാണ്. ഹോസ്റ്റൽ ജീവനക്കാർ വായും മൂക്കും മൂടുന്ന മാസ്ക് ധരിക്കുന്നുണ്ടെന്നും കൂടെക്കൂടെ കൈകൾ സോപ്പും വെള്ളവുമുപയോഗിച്ച് കഴുകുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നും പറഞ്ഞയയ്ക്കരുത്, പറഞ്ഞയയ്ക്കുന്നത് രോഗം പടരുവാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കും

5. വിദ്യാഭ്യാസ സ്ഥാപനങ്ങൾ രോഗബാധിതരുടെ വിവരം കൂടുതൽ നിരീക്ഷണം നടത്തുന്നതിനുവേണ്ടി സ്ഥലത്തെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്

6. എച്ച് 1 എൻ1 പനി പടരുന്നതിന്റെ വ്യാപ്തിവച്ചു നോക്കുമ്പോൾ ഇപ്പോൾ രോഗം പരത്തുന്ന വൈറസ് താരതമ്യേന ശക്തികുറഞ്ഞതാണെന്നു കാണാം. ഏതെങ്കിലും വിദ്യാർത്ഥിക്കോ, ജീവനക്കാരനോ ഇൻഫളുവെൻസാ പോലെയുള്ള രോഗലക്ഷണങ്ങൾ കണ്ടതുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടേണ്ട കാര്യമില്ല

7. രോഗബാധയുള്ള പ്രദേശങ്ങളിലേക്കുള്ള വിനോദയാത്രകൾ നിരുത്സാഹപ്പെടുത്തുക

8. വിദ്യാർത്ഥികൾക്ക് രോഗബാധിത പ്രദേശങ്ങളിലേക്ക് ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ യാത്ര ചെയ്യേണ്ടി വന്നാൽ, തിരിച്ചുവരുമ്പോൾ ഇൻഫ്ളുവെൻസാ പോലെയുള്ള, രോഗലക്ഷണങ്ങളായ പനി, തൊണ്ടവേദന, ചുമ, ശരീരവേദന, മൂക്കൊലിപ്പ്, ശ്വാസംമുട്ടൽ തുടങ്ങിയവയുണ്ടായാൽ ആ വിദ്യാർത്ഥികളെ ചികിത്സ തേടുവാനും വിദ്യാലയങ്ങളിൽ ഹാജരാകാതെ 7 മുതൽ 10 ദിവസം വരെ വീട്ടിൽ തന്നെ കഴിയുവാനും നിർദ്ദേശിക്കേണ്ടതാണ്.

NATIONAL RURAL HEALTH MISSION
ആരോഗ്യകേരളം



DEPARTMENT OF HEALTH SERVICES KERALA

# എച്ച്1 എൻ 1 പനി



## പ്രതിരോധം പ്രയോജനപ്രദം

**തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാലകൊണ്ട് പൊത്തിപ്പിടിക്കുക**

**ഫലപ്രദമായ ചികിത്സ ലഭ്യമാണ്**